# വരദാതാവിൽ നിന്നും പ്രാപ്തമായിട്ടുള്ള വരദാനങ്ങളെ വർദ്ധിപ്പിക്കുന്നതിനുള്ള വിധി

**ഇ**ന്ന് ബാപ്ദാദ തന്റെ ആത്മീയ വേഴാമ്പലുകളായ കുട്ടികളെ നോക്കിക്കൊണ്ടിരിക്കുകയായിരുന്നു. ഓരോ കുട്ടിയും ബാബയിൽ നിന്നും കേൾക്കുന്നതിന്റെ, കൂടിക്കാഴ്ച നടത്തുന്നതിന്റെ, ഒപ്പം ബാബയ്ക്ക് സമാനമാകുന്നതിന്റെ വേഴാമ്പലുകളാണ്. കേൾക്കുന്നതിലൂടെ ജന്മ ജന്മാന്തരങ്ങളിലെ ദാഹം ശമിക്കുന്നു. ജ്ഞാനാമൃതം ദാഹിച്ചിരിക്കുന്ന ആത്മാക്കളെ തൃപ്താത്മാവാക്കി മാറ്റുന്നു. കേട്ട് കേട്ട് ആത്മാക്കളും ബാബയ്ക്ക് സമാനം ജ്ഞാന സ്വരൂപരായി തീരുന്നു അഥവാ ജ്ഞാന മുരളി കേട്ട് കേട്ട് സ്വയവും 'മുരളീധരൻമാരായ കുട്ടികളായി' മാറുന്നു എന്നും പറയാം. ആത്മീയ മിലനം ആഘോഷിച്ച് ബാബയുടെ സ്നേഹത്തിൽ മുഴുകുന്നു. മിലനം ആഘോഷിച്ച് സ്നേഹത്തിൽ മുഴുകുന്ന, ലയിക്കുന്ന സ്ഥിതിയുള്ളവരായി മാറുന്നു, മിലനം ആഘോഷിച്ച് ഒരേയൊരു ബാബ രണ്ടാമതായി ആരുമില്ല- ഈ അനുഭവത്തിൽ മുഴുകിയിരിക്കുന്നു, മിലനം ചെയ്ത് നിർവ്വിഘ്നം, സദാ ബാബയുടെ കൂട്ട്കെട്ടിൽ അരുമയായി മാറുന്നു. ഇങ്ങനെ സ്നേഹത്തിൽ ലയിക്കുമ്പോൾ അഥവാ മുഴുകിയിരിക്കുമ്പോൾ എന്താഗ്രഹമായിരിക്കും ബാക്കിയുണ്ടാകുക? ബാബയ്ക്ക് സമാനമാകുക എന്ന ആഗ്രഹം. ബാബയുടെ ഓരോ ചുവടിൻമേൽ ചുവട് വെയ്ക്കുന്നവർ അർത്ഥം ബാബയ്ക്ക് സമാനമാകുന്നവർ. ബാബ സദാ സർവ്വശക്തിവാൻ സ്വരൂപമാണ് അതേപോലെ കുട്ടികളും സദാ മാസ്റ്റർ സർവ്വശക്തിവാൻ സ്വരുപമായി മാറുന്നു. ബാബയുടെ സ്വരൂപമാണ്- സദാ ശക്തിശാലി, സദാ ലൈറ്റ്- അതേപോലെ സമാനമായി മാറുന്നു.

സമാനമാകുന്നതിന്റെ വിശേഷമായ കാര്യങ്ങൾ അറിയാമല്ലോ, ഏതെല്ലാം കാര്യങ്ങളിൽ ബാബയ്ക്ക് സമാനമാകണം? ആയിക്കൊണ്ടിരിക്കുന്നു, ആയിട്ടുമുണ്ട്. ബാബയുടെ പേര് പോലെ കുട്ടികളുടെതും അത് തന്നെ. വിശ്വമംഗളകാരി- ഇത് തന്നെയല്ലേ നിങ്ങളുടെയും പേര്. ബാബയുടെ രൂപം തന്നെ കുട്ടികളുടെയും രൂപം, ബാബയുടെ ഗുണം തന്നെ കുട്ടികളുടെയും. ബാബയുടെ ഓരോ ഗുണത്തെയും ധാരണ ചെയ്യുന്നവർ തന്നെയാണ് ബാബയ്ക്ക് സമാനമായി മാറുന്നത്. ബാബയുടെ കാര്യം തന്നെ കുട്ടികളുടെയും കാര്യം. സർവ്വ കാര്യങ്ങളിൽ ബാബയ്ക്ക് സമാനമാകുക. സർവ്വരുടെയും ലക്ഷ്യം അത് തന്നെയല്ലേ. സന്മുഖത്തിരിക്കുന്നവരല്ല എന്നാൽ സമാനമാകുന്നവരാണ്. ഇവരെ തന്നെയാണ് ബാബയെ അനുകരിക്കുന്നവർ എന്നു പറയുന്നത്. അതിനാൽ സ്വയത്തെ ചെക്ക് ചെയ്യൂ- സർവ്വ കാര്യങ്ങളിലും എത്രത്തോളം ബാബയ്ക്ക് സമാനമായി? സമാനമാകുന്നതിന്റെ വരദാനം ആദി മുതൽ ബാബ കുട്ടികൾക്ക് നല്കിയിട്ടുണ്ട്. ആദിയിലെ വരദാനമാണ്-''സർവ്വ ശക്തികളാൽ സമ്പന്നരായി ഭവിക്കട്ടെ'' എന്ന്. ലൗകീക ജീവിതത്തിൽ ബാബ അഥവാ ഗുരു വരദാനം നല്കുന്നു. 'ധനവാനായി ഭവിക്കട്ടെ', 'പുത്രവാൻ ഭവ', 'ഉയർന്ന ആയുസ്സുള്ളവരായി ഭവിക്കട്ടെ' അഥവാ 'സുഖിയായി ഭവിക്കട്ടെ' എന്ന വരദാനം നല്കുന്നു. ബാപ്ദാദ എന്ത് വരദാനമാണ് നല്കിയിട്ടുള്ളത്? സദാ ജ്ഞാന ധനം, ശക്തികളുടെ ധനത്താൽ സമ്പന്നമായി ഭവിക്കട്ടെ. ഇത് തന്നെയാണ് ബ്രാഹ്മണ ജീവിതത്തിലെ ഖജനാവ്.

ബ്രാഹ്മണ ജന്മം എടുത്തപ്പോൾ മുതൽ സംഗമയുഗത്തിന്റെ സ്ഥാപനയുടെ കാര്യത്തിൽ അന്തിമം വരെ ജീവിക്കുക അർത്ഥം ഉയർന്ന ആയുസ്സുള്ളവരായി ഭവിക്കട്ടെ എന്നാണ്. ഇടയിൽ വച്ച് ബ്രാഹ്മണ ജീവിതത്തിൽ നിന്നും പഴയ ലോകത്തിൽ അഥവാ പഴയ സംസ്ക്കാരങ്ങളിലേക്ക് പോകുമ്പോൾ അവരെ പറയും ജന്മമെടുത്തു, പക്ഷെ ചെറിയ ആയുസ്സുള്ളവർ, കാരണം ബ്രാഹ്മണ ജീവിതത്തിൽ നിന്നും മരിച്ചു. ചിലർ അങ്ങനെയാണ് അബോധാവസ്ഥയിലേക്ക് പോകുന്നു, ഉണ്ടായിട്ടും ഇല്ലാത്തത് പോലെ, ഇടയ്ക്കിടയ്ക്ക് ഉണരുന്നുണ്ട് എന്നാൽ അവർ ജീവിക്കുന്നതും മരിക്കുന്നതിന് സമാനമാണ്. അതിനാൽ ''ഉയർന്ന ആയുസ്സുള്ളവരായി ഭവിക്കട്ടെ'' അർത്ഥം സദാ ആദി മുതൽ അന്ത്യം വരെ ബ്രാഹ്മണ ജീവിതം അഥവാ ശ്രേഷ്ഠ ദിവ്യമായ ജീവിതത്തിന്റെ സർവ്വ പ്രാപ്തികളിൽ ജീവിക്കുക. ഉയർന്ന ആയുസ്സിനോടൊപ്പം ''നിരോഗിയായി ഭവിക്കട്ടെ'' എന്ന വരദാനവും ആവശ്യമാണ്. അഥവാ ആയുസ്സ് ഉയർന്നതാണ് എന്നാൽ മായയുടെ രോഗം അടിക്കടി ശക്തിഹീനമാക്കുന്നു എങ്കിൽ അങ്ങനെ ജീവിക്കുന്നതും ജീവിതമല്ല. അതിനാൽ ഉയർന്ന ആയുസ്സിനോടൊപ്പം സദാ ആരോഗ്യശാലിയായിട്ടിരിക്കുക അർത്ഥം നിർവ്വിഘ്നമാകുക. അടിക്കടി ആശയക്കുഴപ്പത്തിൽ അഥവാ നിരാശയുടെ സ്ഥിതിയുടെ കിടക്കയിൽ കിടക്കരുത്. രോഗം വരുമ്പോൾ ശയ്യാവലംബിയാകാറില്ലേ. ചെറിയ ചെറിയ ആശയക്കുഴപ്പങ്ങളെ സമാപ്തമാക്കുന്നുണ്ട് എന്നാൽ വലിയ എതെങ്കിലും പ്രശ്നം വരുമ്പോൾ, നിരാശരാകുമ്പോൾ മനസ്സിന്റെ സ്ഥിതിയെ

ന്തായിരിക്കും? ശരീരം കിടക്കയെ ആശ്രയിക്കുമ്പോൾ എഴുന്നേൽക്കാനോ, നടക്കാനോ കഴിക്കാനോ കുടിക്കാനോ തോന്നില്ല, അതേപോലെ ഇവിടെ യോഗത്തിലിരിക്കും എന്നാലും മനസ്സിൽ താല്പര്യം ഉണ്ടായിരിക്കില്ല, ജ്ഞാനവും കേൾക്കും പക്ഷെ മനസ്സറിഞ്ഞ് കേൾക്കില്ല. സേവനവും ഹൃദയത്തിൽ നിന്നും ചെയ്യില്ല, കാണിക്കാൻ വേണ്ടി അഥവാ ഭയത്തോടെ, ലോക മര്യാദയ്ക്ക് വേണ്ടി ചെയ്യും. ഇതിനെ സദാ ആരോഗ്യശാലി ജീവിതമെന്ന് പറയില്ല. അതിനാൽ "ഉയർന്ന ആയുസ്സുള്ളവരായി ഭവിക്കട്ടെ" അർത്ഥം നിരോഗി ഭവ എന്ന് പറയാം.

'പുത്രവാൻ ഭവ' അഥവാ 'സന്താൻ ഭവ'. താങ്കൾക്ക് സന്താനങ്ങളില്ലേ? രണ്ടോ നാലോ കുട്ടികളെയല്ലല്ലോ രചിച്ചത്? 'സന്താൻ ഭവ' എന്ന വരദാനമുണ്ടല്ലോ. രണ്ടോ നാലോ കുട്ടികളുടെ വരദാനമല്ല ലഭിക്കുന്നത് എന്നാൽ ബാബയ്ക്ക് സമാനം മാസ്റ്റർ രചയ്താവിന്റെ സ്റ്റേജിൽ സ്ഥിതി ചെയ്യുമ്പോൾ ഇതെല്ലാം തന്റെ രചനകളായി അനുഭവപ്പെടുന്നു. പരിധിയില്ലാത്ത മാസ്റ്റർ രചയിതാവാകുക ഇത് പരിധിയില്ലാത്ത 'പുത്രവാൻ ഭവ', 'സന്താൻ ഭവ' എന്ന വരദാനമായി മാറുന്നു. പരിധിയുള്ളതല്ല- രണ്ടോ നാലോ വിദ്യാർത്ഥികളെയുണ്ടാക്കി, ഇവർ എന്റേതാണ്, ഇങ്ങനെയല്ല. മാസ്റ്റർ രചയിതാവിന്റെ സ്ഥിതി പരിധിയില്ലാത്ത സ്ഥിതിയാണ്. ഏതൊരാത്മാവിനെ അഥവാ പ്രകൃതിയുടെ തത്വങ്ങളെയും തന്റെ രചനയാണെന്ന് മനസ്സിലാക്കി വിശ്വമംഗളകാരി സ്ഥിതിയിലൂടെ ഓരോരുത്തരെ പ്രതി മംഗളത്തിന്റെ ശുഭ ഭാവന, ശുഭ കാമന ഉണ്ടാകുന്നു. രചനയ്ക്ക് രചനയെ പ്രതി ഇതേ ഭാവനകളാണുണ്ടാകുക. പരിധിയില്ലാത്ത മാസ്റ്റർ രചയിതാവായി മാറുമ്പോൾ പരിധിയുള്ള യാതൊരു ആർഷണവും ആകർഷിക്കുകയില്ല. സദാ സ്വയത്തെ എവിടെ നില്ക്കുന്നതായി കാണും? ഏതു പോലെ വൃക്ഷത്തിന്റെ രചയിതാവായ ബീജം വൃക്ഷത്തിന്റെ അന്തിമ സ്റ്റേജെത്തുമ്പോൾ ആ ബീജം മുകളിലേക്ക് വരുന്നില്ലേ, അതേപോലെ പരിധിയില്ലാത്ത മാസ്റ്റർ രചയിതാവ് സദാ സ്വയത്തെ ഈ കല്പ വൃക്ഷത്തിന്റെ മുകളിൽ നിൽക്കുന്നതായി അനുഭവിക്കും, ബാബയോടൊപ്പം വൃക്ഷത്തിന് മുകളിൽ മാസ്റ്റർ ബീജരൂപനായി ശക്തികളുടെ, ഗുണങ്ങളുടെ, ശുഭ ഭാവന-ശുഭ കാമനയുടെ, സ്നേഹത്തിന്റെ, സഹയോഗത്തിന്റെ കിരണങ്ങൾ വ്യാപിപ്പിക്കും. സൂര്യൻ ഉയരത്തിലാണിരിക്കുന്നത് അതിനാൽ മുഴുവൻ വിശ്വത്തിൽ സ്വതവേ കിരണങ്ങൾ വ്യാപിക്കുന്നില്ലേ. അതേപോലെ മാസ്റ്റർ രചയിതാവ് അഥവാ മാസ്റ്റർ ബീജരൂപനായി മുഴുവൻ വൃക്ഷത്തിന് കിരണങ്ങൾ അഥവാ ജലം നല്കണം. അപ്പോൾ എത്ര സന്താനങ്ങളായി? മുഴുവൻ വിശ്വം നിങ്ങളുടെ രചനയായില്ലേ. അതിനാൽ മാസ്റ്റർ രചയിതാ ഭവ. ഇതിനെയാണ് പറയുന്നത് പുത്രവാൻ ഭവ. അപ്പോൾ എത്ര വരദാനമായി! ഇതിനെയാണ് പറയുന്നത് ബാബയ്ക്ക് സമാനമാകുക എന്ന്. ജനിച്ചപ്പോൾ തന്നെ ഈ സർവ്വ വരദാനങ്ങളും ഓരോ ബ്രാഹ്മണ ആത്മാവിനും ബാബ നല്കിയിട്ടുണ്ട്. വരദാനം ലഭിച്ചിട്ടില്ലേ അതോ ഇപ്പോൾ ലഭിക്കണോ?

ആർക്കെങ്കിലും വരദാനം ലഭിക്കുമ്പോൾ വരദാനത്തിനോടൊപ്പം അതിനെ കാര്യത്തിലുപയോഗിക്കാനുള്ള വിധിയും കേൾപ്പിച്ചു കൊടുക്കുന്നു. അഥവാ ആ വിധിയെ സ്വായത്തമാക്കുന്നില്ലായെങ്കിൽ വരദാനത്തിന്റെ പ്രയോജനമെടുക്കാൻ സാധിക്കില്ല. വരദാനം സർവ്വർക്കും ലഭിച്ചിട്ടുണ്ട് എന്നാൽ വിധിയിലൂടെ ഓരോ വരദാനത്തിന്റെയും വൃദ്ധി കൊണ്ടു വരാൻ സാധിക്കും. വൃദ്ധി എങ്ങനെ പ്രാപ്തമാക്കാം ഇതിന്റെ വിധി വളരെ സഹജവും ശ്രേഷ്ഠവുമാണ്- സമയത്തിനനുസരിച്ച് വരദാനം സ്മൃതിയിൽ വരണം. സ്മൃതിയിൽ വരുന്നതിലൂടെ സമർത്ഥരായി മാറും, സിദ്ധി സ്വരൂപരുമായി മാറും. എത്രത്തോളം സമയത്തിനനുസരിച്ച് കാര്യത്തിൽ ഉപയോഗിക്കുന്നുവൊ അത്രത്തോളം വരദാനം വൃദ്ധി പ്രാപ്തമാക്കും അർത്ഥം സദാ വരദാനത്തിന്റെ ഫലം അനുഭവിച്ചു കൊണ്ടിരിക്കും. ഇത്രയും ശ്രേഷ്ഠവും ശക്തിശാലിയുമായ വരദാനം ലഭിച്ചിരിക്കുന്നു- സ്വയത്തെ പ്രതി കാര്യത്തിൽ ഉപയോഗിച്ച് ഫലം പ്രാപ്തമാക്കുക മാത്രമല്ല എന്നാൽ അന്യാത്മാക്കൾക്കും വരദാതാവായ ബാബയിൽ നിന്നും വരദാനം പ്രാപ്തമാക്കിക്കുന്നതിന് യോഗ്യരാക്കാൻ സാധിക്കും. സംഗമയുഗത്തിന്റെ ഈ വരദാനം 21 ജന്മം വ്യത്യസ്ഥ രൂപത്തിൽ കൂടെയുണ്ടായിരിക്കും. ഈ സംഗമത്തിന്റെ രൂപം വേറെയാണ്, 21 ജന്മം ഇതേ വരദാനം ജീവതത്തിന്റെ കണക്കനുസരിച്ച് നടന്നു കൊണ്ടിരിക്കും. എന്നാൽ വരദാതാവിനെയും വരദാനവും പ്രാപ്തമാക്കുന്നതിനുള്ള സമയം ഇതാണ് അതിനാൽ ചെക്ക് ചെയ്യൂ- സർവ്വ വരദാനങ്ങളെയും കാര്യത്തിൽ ഉപയോഗിച്ച് സഹജമായി മുന്നോട്ട് പോകുന്നുണ്ടോ?

ഈ വരദാനത്തിന്റെ വിശേഷതയാണ് വരദാനിക്ക് ഒരിക്കലും പരിശ്രമിക്കേണ്ടി വരില്ല. ഭക്താത്മാക്കളും പരിശ്രമിച്ച് ക്ഷീണിക്കുമ്പോൾ ബാബയോട് വരദാനം തന്നെയാണ് യാചിക്കുന്നത്. നിങ്ങളുടെയടുത്തും ആളുകൾ വരുമ്പോൾ യോഗം ചെയ്യുന്നതിന് പരിശ്രമിക്കാൻ ഇഷ്ടപ്പെടുന്നില്ല അപ്പോൾ എന്ത് വാക്കാണ് പറയുന്നത്? പറയുന്നു- കേവലം ഞങ്ങൾക്ക് വരദാനം നല്കൂ, ശിരസ്സിൽ കൈ വയ്ക്കൂ. നിങ്ങൾ ബ്രാഹ്മണ കുട്ടികളുടെ മേൽ വരദാതാവായ ബാബയുടെ കൈ സദാ ഉണ്ട്. ശ്രേഷ്ഠമായ നിർദ്ദേശങ്ങൾ തന്നെ

യാണ് കൈ. സ്ഥൂല കൈ 24 മണിക്കൂർ വയ്ക്കാൻ സാധിക്കില്ലല്ലോ. ബാബയുടെ ശ്രേഷ്ഠമായ നിർദ്ദേശങ്ങളുടെ വരദാനമാകുന്ന കൈ സദാ കുട്ടികളുടെ മേൽ ഉണ്ട്. അമൃതവേള മുതൽ രാത്രി വരെ ഓരോ ശ്വാസത്തിനും, ഓരോ സങ്കല്പത്തിനും, ഓരോ കർമ്മത്തിനും ഉള്ള ശ്രേഷ്ഠമായ നിർദ്ദേശങ്ങളുടെ കൈ ഉണ്ട്. ഇതേ വരദാനത്തെ വിധിപൂർവ്വം പ്രയോഗിക്കൂ എങ്കിൽ ഒരിക്കലും പരിശ്രമിക്കേണ്ടി വരില്ല. ദേവതമാരെ കുറിച്ച് മഹിമ പാടാറുണ്ട്- ഇച്ഛാ മാത്രം അവിദ്യ എന്ന്. ഇതാണ് ഫരിസ്ത ജീവിതത്തിന്റെ വിശേഷത. ദേവതാ ജീവിതത്തിൽ ഇച്ഛയുടെ കാര്യമേയില്ല. ബ്രാഹ്മണ ജീവിതം തന്നെ ഫരിസ്താ ജീവിതമായി മാറുന്നു അർത്ഥം കർമ്മാതീത സ്ഥിതിയെ പ്രാപ്തമാക്കുന്നു. ഏതൊരു ശുദ്ധമായ കർമ്മം അഥവാ വ്യർത്ഥ കർമ്മം അഥവാ വികർമ്മം അഥവാ മുൻജന്മ കർമ്മം, ഏതൊരു കർമ്മത്തിന്റെയും ബന്ധനത്തിൽ ബന്ധിതരായി ചെയ്യുക- ഇതിനെ കർമ്മാതീത അവസ്ഥ എന്ന് പറയില്ല. ഒന്നുണ്ട് കർമ്മത്തിന്റെ സംബന്ധം, മറ്റൊന്ന് ബന്ധനം. പരിധിയുള്ള ഇച്ഛയിൽ നിന്നും അവിദ്യ എന്ന് പറയുന്നത് പോലെ ഫരിസ്ത ജീവിതം അഥവാ ബ്രാഹ്മണ ജീവിതം അർത്ഥം ബുദ്ധിമുട്ട് എന്ന ശബ്ദത്തിന്റെ അവിദ്യ, ഭാരത്തിന്റെ അവിദ്യ, അതെന്താണെന്ന് പോലും അറിയില്ല! അതിനാൽ വരദാനി ആത്മാവ്, അർത്ഥം പ്രയാസകരമായ ജീവിതത്തെക്കുറിച്ച് അവിദ്യയുടെ അനുഭവം ചെയ്യുന്നവർ. ഇവരെയാണ് വരദാനി ആത്മാവ് എന്ന് പറയുന്നത്. അപ്പോൾ ബാബയ്ക്ക് സമാനമാകുക അർത്ഥം സദാ വരദാതാവിൽ നിന്നും പ്രാപ്തമായ വരദാനങ്ങളാൽ പാലിക്കപ്പെടുക, സദാ നിശ്ചിന്തം, വിജയം നിശ്ചിതമാണെന്ന് അനുഭവിക്കുക.

പല കുട്ടികളും പുരുഷാർത്ഥം നന്നായി ചെയ്യുന്നുണ്ട്. എന്നാൽ പുരുഷാർത്ഥത്തിന്റെ ഭാരം അനുഭവപ്പെടുക- ഇത് യഥാർത്ഥമായ പുരുഷാർത്ഥമല്ല. ശ്രദ്ധിക്കണം- ഇത് ബ്രാഹ്മണ ജീവിതത്തിന്റെ വിധിയാണ്. എന്നാൽ അറ്റൻഷൻ ടെൻഷനിലേക്ക് പരിവർത്തനപ്പെടുന്നു. സ്വാഭാവികമായ അറ്റൻഷനില്ല, ഇതിനെയും യഥാർത്ഥമായ അറ്റൻഷൻ എന്ന് പറയില്ല. ജീവിതത്തിൽ സ്ഥൂലമായ അറിവുണ്ടായിരിക്കും- ഇന്ന വസ്തു നല്ലതാണ്, ഇന്ന കാര്യം സംസാരിക്കണം, ഇന്നത് സംസാരിക്കരുത് എന്ന്. ജ്ഞാനത്തിന്റെ ആധാരത്തിൽ നോളേജ്ഫുൾ ആകുന്നവരുടെ ലക്ഷണമാണ്- അവർക്ക് നാച്ചുറലായ അറ്റൻഷൻ ഉണ്ടായിരിക്കും- ഇന്നത് കഴിക്കണം, ഇന്നത് കഴിക്കരുത്, ഇത് ചെയ്യണം, ഇത് ചെയ്യരുത് എന്ന്. ഓരോ ചുവടിലും ടെൻഷൻ ഉണ്ടായിരിക്കില്ല- ഇത് ചെയ്യണോ വേണ്ടേ, ഇത് കഴിക്കണോ കഴിക്കാതിരിക്കണോ, ഇങ്ങനെ നടക്കണോ അങ്ങനെ നടക്കണോ എന്ന്. നാച്ചുറൽ നോളേജിന്റെ ശക്തിയിലൂടെ അറ്റൻഷൻ ഉണ്ട്. അതേപോലെ യഥാർത്ഥമായ പുരുഷാർത്ഥിയുടെ ഓരോ ചുവടിലും, ഓരോ കർമ്മത്തിലും നാച്ചുറൽ അറ്റൻഷൻ ഉണ്ടായിരിക്കും കാരണം നോളേജിന്റെ ലൈറ്റും മൈറ്റും സ്വതവേ യഥാർത്ഥ രൂപത്തിലൂടെ, യഥാർത്ഥ രീതിയിലൂടെ നടത്തിക്കുന്നു. അതിനാൽ പുരുഷാർത്ഥം ചെയ്തോളൂ. അറ്റൻഷൻ തീർച്ചയായും വയ്ക്കൂ പക്ഷെ ടെൻഷന്റെ രൂപത്തിലാകരുത്. വളരെ കാര്യം ചെയ്യാൻ ആഗ്രഹിക്കുന്നുണ്ട് അഥവാ ആയി തീരാൻ ആഗ്രഹിക്കുന്നുണ്ട് പക്ഷെ ടെൻഷൻ ആകുമ്പോൾ ആഗ്രഹിക്കുന്ന അത്രയും ചെയ്യാൻ അത് അനുവദിക്കുന്നില്ല, ആയി തീരാൻ ആഗ്രഹിക്കുന്നത് ആകാൻ അനുവദിക്കുന്നില്ല, ടെൻഷൻ ടെൻഷനെ സൃഷ്ടിക്കുന്നു, കാരണം ആഗ്രഹിക്കുന്നത് നടക്കുന്നില്ല, അതിനാൽ ടെൻഷൻ വീണ്ടും വർദ്ധിക്കുന്നു. അതിനാൽ പുരുഷാർത്ഥം എല്ലാവരും ചെയ്യുന്നുണ്ട് എന്നാൽ ചിലർ കൂടുതൽ പുരുഷാർത്ഥത്തെ ഭാരമുള്ളതാക്കി മാറ്റുന്നു, ചിലർ തീർത്തും അലസരായി മാറുന്നു- സംഭവിക്കേണ്ടത് സംഭവിക്കും, നോക്കാം, കാണാം, ആര് അറിയുന്നു......ഇങ്ങനെ ചിന്തിക്കുന്നു. അതിനാൽ ബാലൻസിലൂടെ ബാബയുടെ ആശീർവാദങ്ങളുടെ വരദാനങ്ങളുടെ അനുഭവം ചെയ്യൂ. സദാ ബാബയുടെ കൈ എന്റെ മേലുണ്ട്- ഈ അനുഭവത്തെ സദാ സ്മൃതിയിൽ വെയ്ക്കൂ. ഭക്താത്മാക്കൾ സ്ഥൂലമായ ചിത്രത്തെ മുന്നിൽ വെയ്ക്കുന്നു-ശിരസ്സിൽ വരദാനി ഹസ്തം, നിങ്ങളും നടക്കുമ്പോഴും കറങ്ങുമ്പോഴും ബുദ്ധിയിൽ ഈ അനുഭവത്തിന്റെ ചിത്രം സദാ സ്മൃതിയിൽ വെയ്ക്കൂ. മനസ്സിലായോ? വളരെ പുരുഷാർത്ഥം ചെയ്തു, ഇപ്പോൾ വരദാനങ്ങളാൽ പറന്നു കൊണ്ടിരിക്കൂ. ബാബയുടെ ജ്ഞാന ദാതാവിന്റെ, വിധാതാവിന്റെ അനുഭവം ചെയ്തു, ഇപ്പോൾ വരദാതാവിന്റെ അനുഭവം ചെയ്യൂ. ശരി.

സദാ ഓരോ ചുവടിലും ബാബയെ അനുകരിക്കുന്ന, സദാ സ്വയത്തെ വരദാതാവായ ബാബയുടെ വരദാനി ശ്രേഷ്ഠ ആത്മാവാണെന്ന അനുഭവം ചെയ്യുന്ന, സദാ ഓരോ ചുവടിലും സഹജമായി മറി കടക്കുന്ന, സദാ സർവ്വ വരദാനങ്ങളെയും സമയത്ത് കാര്യത്തിൽ ഉപയോഗിക്കുന്ന, ബാബയ്ക്ക് സമാനമായി മാറുന്ന ശ്രേഷ്ഠ ആത്മാക്കൾക്ക് ബാപ്ദാദയുടെ വരദാതാവിന്റെ രൂപത്തിൽ സ്നേഹ സ്മരണയും നമസ്തേ.

**മുഖ്യമായ മഹാരഥി സഹോദരന്മാരുമായുള്ള മിലനം-**
ജനിച്ചപ്പോൾ മുതൽ എത്രയോ വരദാനം ലഭിച്ചു. ഓരോരുത്തർക്കും സ്വന്തം വരദാനം ലഭിച്ചിട്ടുണ്ട്. വര

ദാനങ്ങളിലൂടെ തന്നെ ജന്മം ഉണ്ടായി. ഇല്ലായെങ്കിൽ ഇന്ന് ഇത്രയും മുന്നോട്ടുയരാൻ സാധിക്കില്ലായിരുന്നു. വരദാനങ്ങളിലൂടെ ജന്മം ലഭിച്ചു, അതിനാൽ മുന്നോട്ടു പൊയ്ക്കൊണ്ടിരിക്കുന്നു. പാണ്ഡവരുടെ മഹിമ കുറവൊന്നുമല്ല. ഓരോരുത്തരുടെയും വിശേഷതയെ വർണ്ണിക്കാൻ പോകുകയാണെങ്കിൽ എത്രയുണ്ട്. ഭാഗവതം പോലെയാകും. ബാബയുടെ ദൃഷ്ടിയിൽ ഓരോരുത്തരുടെയും വിശേഷതകളാണ്. ബാക്കിയുള്ളത് കണ്ടിട്ടും കാണുന്നില്ല, അറിഞ്ഞിട്ടും അറിയുന്നില്ല. അതിനാൽ വിശേഷത സദാ മുന്നോട്ടുയർത്തി കൊണ്ടിരിക്കുന്നു, മുന്നോട്ട് ഉയർത്തി കൊണ്ടിരിക്കും. ജന്മം മുതലേയുള്ള വരദാനി ആത്മാക്കൾക്ക് ഒരിക്കലും പിന്നോട്ട് പോകാൻ സാധിക്കില്ല. സദാ പറക്കുന്ന വരദാനി ആത്മാക്കളാണ്. വരദാതാവായ ബാബയുടെ വരദാനം മുന്നോട്ടുയർത്തി കൊണ്ടിരിക്കുന്നു. പാണ്ഡവർ ഗുപ്തമായിട്ടിരിക്കുന്നു എന്നാൽ ബാപ്ദാദയുടെ ഹൃദയത്തിൽ സദാ പ്രത്യക്ഷമാണ്. പാണ്ഡവരാണ് നല്ല പ്ലാനുകൾ ഉണ്ടാക്കുന്നത്. ശക്തികൾ വേട്ടയാടി ഇരകളെ പിടിക്കുന്നു(ജ്ഞാനം നല്കുന്നു), എന്നാൽ കൊണ്ടു വരുന്നവരുടേതാണ് അത്ഭുതം. കൊണ്ടു വരുന്നവർ കൊണ്ടു വന്നില്ലായെങ്കിൽ വേട്ടക്കാരൻ എന്ത് ചെയ്യും. അതിനാൽ പാണ്ഡവരുടെ വിശേഷത തന്റെ വരദാനമാണ്. ഓർമ്മയുടെയും സേവനത്തിന്റെയും ബലം വിശേഷിച്ചും ലഭിച്ചിരിക്കുന്നു. ഓർമ്മയുടെ ബലവും വിശേഷിച്ച് ലഭിക്കുന്നു, സേവനത്തിന്റെ ബലവും വിശേഷിച്ചും ലഭിക്കുന്നു, എന്ത് കൊണ്ട്? അതിനും കാരണമുണ്ട് എന്തെന്നാൽ ആര് എത്രത്തോളം ആവശ്യത്തിന്റെ സമയത്ത് കാര്യത്തിൽ വന്നുവൊ, അവർക്ക് വിശേഷ വരദാനം ലഭിച്ചിട്ടുണ്ട്. ഏതു പോലെ ആദിയിൽ സ്ഥാപനയുടെ സമയത്ത് നിങ്ങൾ പാണ്ഡവർ പ്രത്യക്ഷത്തിൽ ഇല്ലായിരുന്നു, പരോക്ഷത്തിലായിരുന്നു. ശക്തികളാണ് മാതൃകയായത്, അവരുടെ മാതൃക കണ്ട് മറ്റുള്ളവരും മുന്നോട്ടുയർന്നു. അതിനാൽ ഈ ആവശ്യത്തിന്റെ സമയത്ത് ഉദാഹരണമായി അതുകൊണ്ട് ആവശ്യ സമയത്ത് സഹയോഗിയായവർ– ജീവിതത്തിലാകട്ടെ, സേവനത്തിലാകട്ടെ.....അവർക്ക് ഡ്രാമയനുസരിച്ച് വിശേഷ ബലം ലഭിക്കുന്നു. തങ്ങളുടെ പുരുഷാർത്ഥമുണ്ട് എന്നാലും എക്സ്ട്രാ ബലം ലഭിക്കുന്നു. ശരി.

സേവനം ചെയ്യുന്നതിലൂടെ സർവ്വാത്മാക്കളും സന്തോഷിക്കുന്നു, അവരുടെയും ബലം ലഭിക്കുന്നു. അനുഭവി ആത്മാക്കളുടെ സേവനത്തിന്റെ ആവശ്യമുണ്ട് കാരണം സാകാരത്തിൽ പാലനയെടുത്തിട്ടുള്ളവരെ കാണുമ്പോൾ സദാ ബാബയുടെ തന്നെ ഓർമ്മ വരുന്നു. നിങ്ങൾ(ദാദിമാർ) എവിടെ പോയാലും എന്താണ് സർവ്വരും ചോദിക്കുന്നത്? ചരിത്രം കേൾപ്പിക്കൂ, ബാബയുടെ കാര്യങ്ങൾ കേൾപ്പിക്കൂ എന്ന്. അപ്പോൾ വിശേഷതയല്ലേ അതിനാൽ സേവനത്തിന്റെ വിശേഷതയുടെ വരദാനം ലഭിച്ചിരിക്കുന്നു. സ്റ്റേജിൽ നിന്ന് പ്രഭാഷണം ചെയ്യുന്നില്ലായെങ്കിലും ഇത് ഏറ്റവും വലിയ പ്രഭാഷണമാണ്. ചരിത്രം കേൾപ്പിച്ച് സൽസ്വഭാവികളാക്കുന്നതിന്റെ പ്രേരണ നല്കണം– ഇത് വളരെ വലിയ സേവനമാണ്. അതിനാൽ സേവനത്തിനായി പോകുക തന്നെ വേണം, സേവനത്തിന് നിമിത്തമാകുക തന്നെ വേണം. ശരി.

## വരദാനം– പരിധിയുള്ള ഉത്തരവാദിത്വങ്ങളെ പരിധിയില്ലാത്തതിലേക്ക് പരിവർത്തനപ്പെടുത്തുന്ന സ്മൃതി സ്വരൂപരും നഷ്ടോമോഹയുമായി ഭവിക്കട്ടെ.

നഷ്ടോമോഹായാകുന്നതിന് വേണ്ടി കേവലം തന്റെ സ്മൃതി സ്വരൂപത്തെ പരിവർത്തനപ്പെടുത്തൂ. ഞാൻ ഗൃഹസ്ഥിയാണ്, എന്റെ വീട്, എന്റെ സംബന്ധം എന്ന സ്മൃതി വരുമ്പോഴാണ് മോഹം ഉണ്ടാകുന്നത്. ഇപ്പോൾ ഈ പരിധിയുള്ള ഉത്തരവാദിത്വത്തെ പരിധിയില്ലാത്ത ഉത്തരവാദിത്വത്തിലേക്ക് പരിവർത്തനം ചെയ്യൂ. പരിധിയില്ലാത്ത ഉത്തരവാദിത്വം നിറവേറ്റുകയാണെങ്കിൽ പരിധിയുള്ളത് സ്വതവേ പൂർത്തിയാകും. എന്നാൽ പരിധിയില്ലാത്ത ഉത്തരവാദിത്വത്തെ മറന്ന് കേവലം പരിധിയുള്ള ഉത്തരവാദിത്വത്തെ നിറവേറ്റുകയാണെങ്കിൽ അത് കൂടുതൽ മോശമാകുന്നു, എന്തുകൊണ്ടെന്നാൽ ആ കടമ മോഹത്തിന്റെ പരോക്ഷമായ സാന്നിദ്ധ്യമായി മാറുന്നു, അതിനാൽ തന്റെ സ്മൃതി സ്വരൂപത്തെ പരിവർത്തനപ്പെടുത്തി നഷ്ടോമോഹയാകൂ.

## സ്ലോഗൻ– പ്രശ്നങ്ങളാകുന്ന മേഘങ്ങളെ സെക്കന്റിൽ മറി കടക്കുന്ന വിധത്തിൽ തീവ്രതയോടെ പറക്കൂ